LIBRARY ARCHIVES Kerala Legislative Assembly

തരംഗംമൂലം സംജാതമായിട്ടുള്ള പ്രത്യേക സാഹചര്യംകൂടി കണക്കിലെടുത്ത് ഓരോ പദ്ധതി അംഗങ്ങൾക്കും 1000 രൂപ നിരക്കിൽ രണ്ടാം ഘട്ടമായി ആശ്വാസ ധനസഹായം നൽകുന്നതിന് സർക്കാർ 22,50,00,000 (ഇരുപത്തിരണ്ട് കോടി അൻപത് ലക്ഷം) രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

**മിനിമം വേതനം ഉറപ്പാക്കാൻ നടപടി**

22(*232) ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ :

(എ) രാജ്യത്ത് നിലവിലുണ്ടായിരുന്ന തൊഴിൽ നിയമങ്ങൾക്ക് പകരം തൊഴിൽ കോഡ് നടപ്പിലാക്കുകയും അതിൽ തൊഴിലാളികളുടെ അവകാശങ്ങൾ കവർന്നെടുക്കാനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുകയും ചെയ്തത് തൊഴിലാളികളുടെ ക്ഷേമത്തിനും തൊഴിൽ സുരക്ഷിതത്വത്തിനും പ്രതികൂലമായതിനാൽ സംസ്ഥാനത്ത് തൊഴിലാളിക്ഷേമവും തൊഴിലവകാശങ്ങളും ഉറപ്പുവരുത്താൻ നടത്തുന്ന പ്രവർത്തന ങ്ങളെക്കുറിച്ച് അറിയിക്കാമോ?

വിവിധ തൊഴിൽ നിയമങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ 29 തൊഴിൽ നിയമങ്ങളെ ഏകീകരിച്ച് 4 നിയമങ്ങളായി ക്രോഡീകരിച്ചിട്ടുണ്ട്.

1. ദി കോഡ് ഓൺ വേജസ് -2019
2. ദി ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ് -2020
3. ദി കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി -2020
4. ദി ഒക്കുപേഷണൽ സേഫ്റ്റി ഹെൽത്ത് & വർക്കിംഗ് കണ്ടീഷൻ കോഡ് -2020

മേൽ സൂചിപ്പിച്ച കോഡുകൾക്ക് വിവിധ ഘട്ടങ്ങളിലെ ചർച്ചകളിൽ കേരളം ഉൾപ്പെടെയുള്ള വിവിധ സംസ്ഥാനങ്ങളെ കേന്ദ്ര സർക്കാർ ക്ഷണിക്കുകയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ആവശ്യപ്പെടുകയും സർക്കാർ ചർച്ചകളിൽ പങ്കെടുക്കുകയും സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അറിയിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 4 കോഡുകളും കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ പാസ്സാക്കിയെങ്കിലും നടപ്പിൽവരുത്തുന്നതിന് കേന്ദ്ര സർക്കാർ പ്രത്യേക നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്. ടി നിയമങ്ങൾ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങൾ കേന്ദ്ര സർക്കാരിനെ യഥാസമയം വിവിധ ഘട്ടങ്ങളിൽ അറിയിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ കോഡ് ഓൺ വേജസ് പ്രകാരം ഒരു തൊഴിലാളിയുടെ ജോലി സമയം ഒരു ദിവസം 8 മണിക്കൂറായും സ്പ്രെഡ് ഓവർ 12 മണിക്കൂറായും പ്രത്യേക സാഹചര്യത്തിൽ (Emergency Condition) സ്പ്രെഡ് ഓവർ 16 മണിക്കൂർ ആയും കോഡിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ ഇത് 8 മണിക്കൂർ ജോലി സമയമായും 1 മണിക്കൂർ വിശ്രമം ഉൾപ്പെടെ സ്പ്രെഡ് ഓവർ 10 1/2 മണിക്കൂർ ആയും വ്യവസ്ഥ ചെയ്യണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കേന്ദ്ര നിയമവുമായി ബന്ധപ്പെട്ട് കേരള ചട്ടത്തിന്റെ കരട് സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) സംസ്ഥാനത്തെ ജീവിതനിലവാരം കൂടി കണക്കിലെടുത്ത് തൊഴിലാളികൾക്ക് രാജ്യത്തെ ഏറ്റവും ഉയർന്ന നിരക്കിലുള്ള മിനിമം വേതനം ലഭ്യമാക്കാനായിട്ടുണ്ടോ; തൊഴിലുടമകൾ ഇത് കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ലേബർ കോഡുകൾ ഇനിയും നടപ്പാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ കേരളത്തിൽ 1948- ലെ മിനിമം വേതന നിയമമാണ് നടപ്പിലാക്കിവരുന്നത്. ഇതനുസരിച്ച് ഷെഡ്യൂൾഡ് എംപ്ലോയ്മെന്റ് മേഖലകൾക്കെല്ലാം മിനിമം വേതനം വിജ്ഞാപനം ചെയ്ത് ആയത് നടപ്പിലാക്കിവരുന്നു. തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ 14 ജില്ലാ ലേബർ ഓഫീസർമാരുടെ (എൻഫോഴ്സ്മെന്റ്) നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസ്സുകളിൽ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ ക്ലെയിം പെറ്റീഷനും ഫയൽ ചെയ്തുവരുന്നു. ഈ പ്രവർത്തനങ്ങൾ റീജിയണൽ തലത്തിൽ കൊല്ലം, എറണാകുളം, കോഴിക്കോട് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരും സംസ്ഥാന തലത്തിൽ അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്)-ഉം ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിൽ നിരീക്ഷിച്ച് നടപ്പിലാക്കിവരുന്നു. മിനിമം വേതനം മറ്റ് സൗകര്യങ്ങൾ എന്നിവ തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന തലത്തിൽ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാ തലത്തിൽ ജില്ലാ ലേബർ ഓഫീസർ (ഇ)-യുടെ നേതൃത്വത്തിൽ ജില്ലാ തല സ്ക്വാഡ് പരിശോധനകളും അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ഥാപനപരിശോധനകളും നടത്തിവരുന്നു.